

നസ്താലിക് (Nasta'liq) ലിപി ശൈലിയിലുള്ള ഒരു അപൂർവ്വ മാതൃക. അവധിയിലെ ഭരണാധിപതിയായിരുന്ന മാലികാ–ജഹാൻ (12–18 നൂററാണ്ടിൽ) തയ്യാറാക്കിയ ഒരു പ്രതി. ചെസ്റ്റർ ബിയാട്ടി ശേഖരത്തിലുള്ള ഈ കയ്യെഴുത്തു പ്രതികളുടെ ഫോട്ടോ തയ്യാറാക്കിയിട്ടുള്ളതു് ഡാവിഡ് ഡേവിസൺ.

അമൂല്യങ്ങളായ കയ്യെഴുത്തുപ്രതികൾ

ജീവിതവൃത്തിയായി സ്വീകരിച്ചിട്ടുള്ള കാര്യത്തിൽ നിന്നു് തികച്ചും ഭിന്നമായ ഒന്നിൽ ഏർപ്പെട്ടു്, അതിൽ പേരും പെരുമയും പ്രതിഷ്ഠിച്ചിട്ടുള്ളവരുടെ കഥകൾ ചരിത്രത്തിന്റെ ഏടുകളിൽ കണ്ടെത്താൻ വിഷമമില്ല. അക്കൂട്ടത്തിൽപ്പെടുന്ന ഒരാളാണ് സർ ആൽഫ്രഡ് ചെസ്റ്റർ ബിയാട്ടി (Sir Alfred Chester Beatty.) അദ്ദേഹത്തിന്റെ ജന്മദേശം അമേരിക്കൻ ഐക്യനാടുകളാണ്. പഠിച്ചു പ്രാവീണ്യം പ്രാപിച്ചതും ജീവിതവൃത്തിയാക്കിയതും ഖനനമെന്ന സാങ്കേതിക വിദ്യയാണ്. ആ നിലയിൽ ലോകത്തിലെ പല നാടുകളിൽ സേവനമനുഷ്ഠിച്ചു് പ്രശസ്തിയാർജ്ജിച്ചു. പ്രശസ്തി മാത്രമല്ല, മുപ്പത്തിയഞ്ചു വയസ്സെത്തിയപ്പോഴേയ്ക്കു് കോടീശ്വരപദവിയും നേടുവാൻ ബിയാട്ടിക്കു് പ്രയാസമുണ്ടായില്ല. ആഡംബരത്തിനും അഹങ്കാര പ്രകടനത്തിനും അമിത പ്രൗഢിക്കുമല്ല, അദ്ദേഹം ആ സമ്പത്തു് വിനിയോഗിച്ചതു്. ധനത്തിൽ ഏറിയ പങ്കും അർബ്ബുദ ഗവേഷണത്തിനും ലോകത്തിലെ ഏററവും വിശിഷ്ടമായ പൗരസ്ത്യ ഹസ്തലിഖിതങ്ങളുടെ ശേഖരണത്തിനുമായി നീക്കിവച്ചു. കീഴടങ്ങാൻ കൂട്ടാക്കാത്ത ഒരു മഹാരോഗത്തെ, നിയന്ത്രണാധീനമാക്കാൻ നടത്തിവരുന്ന ഗവേഷണങ്ങൾക്കും ഉത്തേജനമേകുവാൻ, അദ്ദേഹം നീക്കിവച്ച നിധി കുറെയൊക്കെ ഉതകിയിട്ടുണ്ടു്. അദ്ദേഹത്തെ സന്തോഷത്തോടും സന്മനോഭാവത്തോടും കൂടി ജനങ്ങൾ ഇന്നു സ്മരിക്കുന്നതു് ഏറിയ കൂറും പൗരസ്ത്യ ഹസ്തലിഖിതശേഖരത്തിന്റെ പേരിലാണ്.

1875–ൽ ന്യൂയോർക്കിൽ ജനിച്ച ബിയാട്ടി, 1933–ൽ ബ്രിട്ടീഷ് പൗരനായിത്തീർന്നെങ്കിലും രണ്ടാം ലോകമഹായുദ്ധാനന്തരം കുടിയേറിപ്പാർത്തതു് അയർലണ്ടിലാണ്. ഡബ്ലിൻ സമീപം സ്ഥിരതാമസമാക്കിയതിനു ശേഷം, അസാധാരണമായ താല്പര്യത്തോടെ അവിടെ അമൂല്യമായ ഹസ്തലിഖിത കേന്ദ്രം സംവിധാനം ചെയ്തു. വിലപ്പെട്ട അനവധി പ്രാചീന രേഖകൾ അവിടെയുണ്ടു്. കൗതുകക്കൈപ്പടയിലുള്ള വിശുദ്ധ ഖുറാന്റെ പ്രാചീന പ്രതികൾ പ്രത്യേകിച്ചു് പരാമർശനമർഹിക്കുന്ന സ്വത്തുക്കളാണ്. ഇരുന്നൂററിയമ്പതിലധികം, ഭിന്നങ്ങളായ പഴയ കയ്യെഴുത്തു പ്രതികളാണുള്ളതെന്നു പറയുമ്പോൾ, ഇവയുടെ വൈവിധ്യവും വിലയും ഊഹിക്കാവുന്നതേയുള്ളു. ഇവയൊക്കെ ഓരോ കാലഘട്ടത്തെയും ശൈലിയെയും പ്രതിനിധീകരിക്കുന്നുണ്ടു്. അറബി ഭാഷാ ലിപികൾക്ക്—പ്രത്യേകിച്ചു് കൗതുകക്കൈപ്പടയിലുള്ളവയ്ക്കു്—സംഭവിച്ച പരിണാമ വ്യത്യാസങ്ങൾ ഇവ സൂചിപ്പിക്കുന്നു. ആ അമൂല്യശേഖരം മുഴുവൻ ഐറിഷ് ജനതയ്ക്കായി അദ്ദേഹം ഇഷ്ടദാനം ചെയ്തു. 1968–ൽ അന്തരിച്ച സർ. ആൽഫ്രഡ് ചെസ്റ്റർ ബിയാട്ടിയുടെ സ്മരണ നിലനില്ക്കുന്നതു് ഈ കേന്ദ്രത്തിന്റെ പേരിലാണ്.

മതവിശ്വാസികൾ, തങ്ങളുടെ പ്രാമാണിക ഗ്രന്ഥങ്ങളുടെ മനോഹരങ്ങളായ കയ്യെഴുത്തു പ്രതികൾ തയ്യാറാക്കി സൂക്ഷിക്കാനും—ചിലപ്പോഴൊക്കെ ആരാധിക്കാനും—തയ്യാറാകുന്ന പതിവുണ്ടു്. അതിമനോഹരങ്ങളായ ചിത്രങ്ങൾകൊണ്ടു് അവ മോടി പിടിപ്പിക്കുന്നതിനു് ധാരാളം പണവും പ്രയത്നവും ചിലവഴിക്കുന്നവരും കുറവല്ല. ഭാരതത്തിൽ രാമായണ—ഭാരതാദി ഗ്രന്ഥങ്ങൾ തന്നെയല്ല, ഗീതഗോ

കിടന്നുറങ്ങി....

ഉറക്കം കുറഞ്ഞ രാത്രികളിലൂടെ, തിരക്കിട്ട പകലുകളിലൂടെ ഒരാഴ്ച കടന്നുപോയി. വിശ്വം അതറിഞ്ഞില്ല. പൊടുന്നനെ ഞായറാഴ്ച പിറന്നുവീണപ്പോൾ അയാളമ്പരന്നു.

സീസന്റെ ആദ്യാവേശവുമായി മഹാലക്ഷ്മിയിലേയ്ക്കു ജനം ഇരച്ചുകയറി.

ആദ്യത്തെ റെയ്സ്, 'നോവിസെസ്' പ്ലെയിററിനു വേണ്ടിയുള്ള ആയിരം മീററർ പന്തയമായിരുന്നു. വിശ്വം കോളം നിവർത്തി കുതിരകളുടെ പേരുകൾ ശ്രദ്ധിച്ചു.

മാർഷൽ, ബ്രെവ് വാറിയർ, മൈററി ബേഡ്....

വലിയ താല്പര്യം തോന്നിയില്ല. മാർഷൽ തന്നെ വരും. റിട്ടേൺസ് കുറവാണ്. വിശ്വം ബെററ് ചെയ്തില്ല.

അടുത്തതു് ആയിരത്തി നാനൂറു മീററിന്റെ നാഗ്പൂർ പ്ലെയ്ററ്.

മറാത്താ പ്രിൻസസ് എന്ന കുതിരയായിരുന്നു, ഫേവറിററ്. സെക്കന്റ് ബെസ്റ്റ്, നൊബിലിററി. വിശ്വം വെറും അഞ്ചുറുപ്പികയേ മുടക്കിയുള്ളു! നൊബിലിററിയുടെ പേരിൽ.

പക്ഷേ ആളുകളെ അത്ഭുതപ്പെടുത്തിക്കൊണ്ടു് 'ഓൺ മൈവേ' എന്നൊരു കുതിര മൂന്നു ലെങ്ങ്തിനു് വിജയിച്ചു.

റെയ്സ് കോഴ്സിൽ ആകെ ബഹളമായി. ജോക്കികളുടെ എത്തിക്സിനെ ചോദ്യംചെയ്തു. 'ഔട്ട് ഓഫ് ഫോം' ആയിരുന്ന ഓൺമൈവേ എങ്ങിനെ വിജയിച്ചു എന്നതിനെക്കുറിച്ചു് അന്വേഷണം വേണമെന്നായി.

ഇത്തരം അത്ഭുതങ്ങൾ സാധാരണമല്ലെങ്കിലും വല്ലപ്പോഴും സംഭവിക്കാറുണ്ടു്. ഒരു കുതിരയെ യമനഃപൂർവ്വം കുറെ പന്തയങ്ങളിൽ തോല്പിക്കുന്നു. അതോടെ അതിന്റെ ഹാൻഡിക്യാപ്പ് കുറയുന്നു. അങ്ങിനെ കുറഞ്ഞ ഭാരവുംകൊണ്ടു് പെട്ടെന്നു് ആ കുതിര ജയിക്കുന്നു. അതിന്റെ മേൽ പന്തയം വെച്ചവർക്കു് ധാരാളം പണം. വൺ ടു തർട്ടി ഓഡ്സ്....

വീണ്ടും അതിന്റെ പ്രസിദ്ധി വർദ്ധിക്കും. ബെററിങ്ങ് കൂടും. ഇതൊക്കെ വേലത്തരങ്ങളാണ്. വിശ്വത്തിനറിയാം. സന്ദർഭം വരുമ്പോൾ ഷാൻഗ്രിലയ്ക്കു വേണ്ടിയും ഉപയോഗിക്കാം....

അന്വേഷണം നടത്താമെന്നു ടർഫ് ക്ലബ്ബുകാർ പ്രഖ്യാപിക്കുന്നതു വരെ ജനങ്ങൾ അശാന്തരായിരുന്നു. പ്രഖ്യാപനമുണ്ടായപ്പോൾ അവരുടെ രോഷമടങ്ങി. അടുത്ത പന്തയത്തിനു് പണം മുടക്കാൻ കൌണ്ടറുകളുടെ മുന്നിലേയ്ക്കു പോയി.

ഏററവും നല്ല തുക സമ്മാനം കിട്ടുന്ന മോർവി പ്ലെയ്ററായിരുന്നു അടുത്തതു്. ആയിരത്തി നാനൂറു മീററർ. ഷാൻഗ്രില മഹാലക്ഷ്മിയിൽ പങ്കെടുക്കുന്ന ആദ്യത്തെ ഹാൻഡിക്യാപ്പ് റെയ്സ്. അവനു വഹിക്കേണ്ട ഭാരം അമ്പത്തെട്ടു കിലോ.

വിശ്വം ആ സമയത്തു് നിശ്ശബ്ദമായി ആരോടെന്നില്ലാതെ പ്രാർത്ഥിച്ചു:

ഷാൻഗ്രില വിജയിക്കണമേ....

ആ വിജയം തന്റെ കൊടി ഒന്നുകൂടി ഉയർത്തിക്കെട്ടും. ബാങ്ക് ബാലൻസ് ഒന്നുകൂടി കനക്കും. പ്രസിദ്ധി കുറേക്കൂടി വർദ്ധിക്കും.

ഇപ്പോൾ തനിക്കുള്ളതു് ആഗ്രഹങ്ങളല്ല. ദുരാഗ്രഹങ്ങളാണ്. അഭിലാഷ സാക്ഷാത്ക്കാരം തന്നെ ഒരു ദുരാഗ്രഹിയാക്കി മാററിയിരിക്കുന്നു.

ഷാൻഗ്രില ജയിച്ചു് പാഡോക്കിൽ വരുന്നതു കാണാനുള്ള യോഗം മീനയ്ക്കില്ലാതെപോയി. ആ ഒരനുഭവത്തിനു വേണ്ടിയെങ്കിലും അവൾ ജീവിക്കേണ്ടതായിരുന്നു. ഷാൻഗ്രിലയുടെ അപ്പുറവും ഇപ്പുറവും നിന്നു് അവർക്കു് ഫോട്ടോ എടുക്കാമായിരുന്നു. ജോയന്റ് ഓണേഴ്സ്....

ഉച്ചഭാഷിണി ശബ്ദിച്ചു:

പ്രിയദർശിനി ഈസ് ഇൻ. ഷാൻഗ്രില ഈസ് ബീയിങ്ങ് സ്റ്റാർഡ്....

വിശ്വം അല്പംമുമ്പ് അവനെ പുറത്തുതട്ടി അവന്റെചെവിയിൽവിജയമന്ത്രങ്ങൾ ഉരുക്കഴിച്ചു് വന്നതേയുള്ളു. ജോക്കിയായ സലിമിനെ സംബന്ധിച്ചും ഇതൊരു ചലഞ്ചായിരുന്നു. ഷിൻഡേയോടും ബിന്നിയോടും ആദ്യമായി മത്സരിക്കുകയാണ്. അവരാകട്ടെ, അജയ്യന്മാർ. തോൽവിയെന്തെന്നറിയാത്ത ഷിൻഡേ. രണ്ടു സീസൺകൊണ്ടു് പേരെടുത്ത ബിന്നി. അവരോടാടാണ് നവാഗതനായ സലിം മത്സരിക്കുന്നതു്.

റെയ്സ് തുടങ്ങി.

വിശ്വം ബൈനോക്കുലേഴ്സ് ഫോക്കസ് ചെയ്തു. ഷിൻഡേ ഓടിപ്പിക്കുന്ന നായാഗ്രയും ബിന്നിയുടെ പ്രിയദർശിനിയും മുന്നേറി. അതിനു പുറകിൽ ബ്ലെയ്സിങ്ങ്സൺ. അതിനും പുറകിൽ നാലാമനായിട്ടായിരുന്നു, ഷാൻഗ്രില. പകുതിദൂരം കഴിഞ്ഞപ്പോഴേയ്ക്കും ഷാൻഗ്രില ബ്ലെയ്സിങ്ങ് സണ്ണിനെ പുറകിലാക്കി. അപ്പോൾ വിശ്വത്തിന്റെ പ്രതീക്ഷയുണർന്നു.

അയാൾ പണം കൊടുത്തു് നിർത്തിയിരുന്നവർ തൊണ്ട പൊട്ടുന്ന വിധം വിളിച്ചു.

'കമോൺ, ഷാൻ, കമോൺ ...'

വിശ്വം ഷാൻഗ്രിലയെ വിളിച്ചില്ല. അയാളുടെ ശബ്ദം പുറത്തുവന്നില്ല ഒരുതരം വീർപ്പുമുട്ടലാണനുഭവപ്പെട്ടതു്. നെഞ്ചിടിപ്പുകളുടെ പെരുമ്പറ കൈവെള്ളയിലും നെററിയിലും നെഞ്ചിലും വി



അഹ്മദ് ബ്‌ന് അൽ സുഹ്രവർദി തയ്യാറാക്കിയ ഒരു കൗതുകക്കൈപ്പടപ്പതിപ്പ്. ബാഗ്ദാദിൽ 701–1301–ൽ രചിച്ചതാണിതെന്നത്രേ പണ്ഡിത മതം..

വീണ്ടും തുടങ്ങിയവയും ഇങ്ങനെ വർണ്ണചിത്രാങ്കിതങ്ങളായ കൈപ്പട ഗ്രന്ഥങ്ങളായി പല പ്രദേശങ്ങളിൽ നിന്ന് ലഭ്യമായിട്ടുണ്ടല്ലോ. ഇതുപോലെ കൗതുകക്കൈപ്പടയിൽ പകർത്തിയിട്ടുള്ള ഖുറാൻെറ പ്രതികൾ വിപുലമായി സമ്പാദിച്ചു ശേഖരിക്കുന്നതിന് പണ്ടുമുതൽ പലയിടത്തും പ്രയത്നങ്ങൾ ഉണ്ടായിട്ടുണ്ട്. സമ്പന്നങ്ങളായ ഇത്തരം ശേഖരങ്ങൾ ഇസ്ലാമിൻെറ സ്വാധീനം ഉറച്ചിട്ടുള്ള നാടുകളിലാണ് ഉയർന്നുവന്നിരുന്നത്. ഈജിപ്റ്റിലെ കയ്‌റോയിലും ഇറാനിലെ മേഷെദിലും ടർക്കിയിലെ ഈസ്താംബുളിലും ഉള്ള സങ്കേതങ്ങൾ സ്മരണീയങ്ങളത്രേ. അമുസ്ലീം പ്രദേശങ്ങളിലെ പ്രധാനപ്പെട്ട ശേഖരങ്ങൾ ലണ്ടനിലെ ബ്രിട്ടീഷ് ലൈബ്രറിയിലും, പാരീസിലെ ബിബ്ലിയോത്തിക്കെ നാഷനേലും കാണാം. എന്നാൽ ഇവയെക്കാളേറെ വിലമതിക്കപ്പെടുന്ന ശേഖരം ഐർലണ്ടിലെ ഡബ്ലിനിലേതു തന്നെ. ഇവിടത്തെ അമൂല്യങ്ങളായ ഖുറാൻെറ ചില കൗതുകക്കൈപ്പട പ്രതികളെക്കുറിച്ച് യുനെസ്കോ ഫീച്ചേർസിൽ രസകരമായ ഒരു ലേഖനം കുറെ നാൾ മുമ്പ് കാണുകയുണ്ടായി. അതിൽനിന്ന് സ്വീകരിച്ച ചില വിവരങ്ങൾ, ഈ വിഷയത്തിൽ താല്പര്യമുള്ളവർക്ക് രസകരമായിരിക്കുമെന്ന് കരുതുന്നു. ഏററവും പഴക്കം പറയാവുന്നത് 4–10 നൂററാണ്ടിൽ തയ്യാറാക്കിയതെന്നു കരുതപ്പെടുന്ന കുഫിക് ലിപിയിലുള്ള ഒരു പതിപ്പാണ്. ഇത് ഇറാനിൽ രചിച്ചതായിരിക്കാമെന്നാണ് കരുതപ്പെടുന്നത്. ഏററവും ആധുനികമെന്നു പറയപ്പെടുന്നത് മാലിക്–ജഹാൻ എന്ന ഭരണാധികാരിയുടേതാണ്. 12–18 നൂററാണ്ടിൽ ഒറീസ്സാ പ്രദേശത്തു തയ്യാറാക്കിയതാണെന്നു പറയപ്പെടുന്നു. ഇന്ത്യയിലും ഇത്തരം പ്രയത്നങ്ങൾ കുറവല്ലായിരുന്നു എന്ന് ഇതു കാണിക്കുന്നുണ്ട്.

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

യർപ്പ്.

വിശ്വം മുമ്പൊരിക്കലും ഇങ്ങനെയൊരസ്വസ്ഥത അനുഭവിച്ചിട്ടില്ല.

ആയിരം മീററിൻെറ അടയാളം കഴിഞ്ഞപ്പോൾ, അവിശ്വസനീയമാംവണ്ണം, ഷാൻ കുതിച്ചുപാഞ്ഞു. പ്രിയദർശിനിയെ വെട്ടിച്ച് മുന്നേറി. പിന്നെ വിശ്വം കണ്ടത് നായാഗ്രയുടേയും ഷാൻഗ്രിലയുടേയും മരണപരാക്രമമാണ്. അവസാനം എന്തു സംഭവിച്ചു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഡെഡ്‌ഹീററ് ഫിനിഷാണോ എന്ന് വിശ്വം ഭയപ്പെട്ടു. ഫോട്ടോഫിനിഷിൻെറ ഫലത്തിനുവേണ്ടി വിശ്വവും കാണികളും കാത്തുനിന്നു. അക്ഷമനിറഞ്ഞ നിമിഷങ്ങൾ ഇഴഞ്ഞു. അവസാനം അറിയിപ്പുണ്ടായി:

ഷാൻഗ്രില ജയിച്ചിരിക്കുന്നു. ഒരു മിനിട്ട് ഇരുപത്തിഒന്നര സെക്കൻറുകൊണ്ട് അവൻ ആയിരത്തി നാനൂറുമീററർ ഓടിയെത്തി. വിശ്വത്തിനെ വിജയാഘോഷത്തിലമർത്താൻ അവിടെ മീനയുണ്ടായിരുന്നില്ല. വിപിൻദേശായി ഉണ്ടായിരുന്നില്ല. ആരുമുണ്ടായിരുന്നില്ല. ആ വിജയത്തിൻെറ വ്യർത്ഥത മുഴുവൻ വിശ്വം ഒററക്കനുഭവിച്ചു. അന്നാദ്യമായി മീനയുടെ അഭാവം വിശ്വത്തിനനുഭവപ്പെട്ടു. അയാൾ ആൾക്കൂട്ടത്തിനിടയിൽ മീനയെ തിരഞ്ഞു. പട്ടപ്പ് ചെയ്ത മുടി, തോളിൽ നിന്നൊഴുകി വീഴുന്ന ഷിഫോൺസാരി, നിതംബചലനം....

വിശ്വം ഒററക്ക് പാഡ്ഡോക്കിലേയ്ക്ക് നടന്നു. ഷാൻഗ്രിലയുടെ കിതപ്പുകൾ തഴുകിയെത്തി. ഡോക്ടർവന്ന് * 'സ്വാബ് ടെസ്റ്റ്' നടത്തി. ക്യാമറകൾ ക്ലിക്ക് ചെയ്തു. എങ്കിലും തൻെറ ജീവിതത്തിലെ സമ്മോഹനമായ ആ നിമിഷം നിഷ്പ്രഭമായതായി വിശ്വനാഥന് തോന്നി. നിസ്സാരമായ ആ നിമിഷം പോലും പെട്ടെന്ന് കൈമോശം വരാനുള്ളതായിരുന്നു.

വൈകുന്നേരം ഷാൻഗ്രിലയെ പന്തിയിലേയ്ക്ക് കൊണ്ടുപോകുമ്പോൾ അവൻ മുടന്തുന്നതുകണ്ട് വിശ്വം നടുങ്ങി. ആ നടുക്കം വിശ്വത്തിനെ അടിമുടി ഉലച്ചു. താൻ കിടക്കപങ്കിട്ട മീനയുടെ തലപൊളിഞ്ഞ് രക്തം വാർന്നുകിടക്കുന്നത് കണ്ടപ്പോൾ പോലും വിശ്വം നടുങ്ങിയില്ല. മനോധൈര്യം നഷ്ടപ്പെട്ടില്ല. പക്ഷേ ഇപ്പോൾ താനൊരു ജീവച്ഛവമായി മാറിയിരിക്കുന്നു! അയാളുടെ വിശപ്പും ദാഹവും വിജയലഹരിയും അസ്തമിച്ചു. വിശ്വം ഉടൻ ഡോക്ടർക്ക് ഫോൺചെയ്തു. സ്വന്തം കാറയച്ച് ഡോക്ടറെ വരുത്തി. വിശദമായ പരിശോധനകൾ നടന്നു.

ഇത്തവണ അത് മാംസപേശിയിലെ വേദന മാത്രമാണെന്ന് ഡോക്ടർ പറഞ്ഞില്ല.

വിശ്വത്തിൻെറ ക്ഷമ നശിച്ചു.

'Any thing seriously wrong with him Doctor?'

ഡോക്ടർ പെട്ടെന്ന് മറുപടി പറഞ്ഞില്ല.

അയാൾ ഷാൻഗ്രിലയുടെ കാലുകൾ വീണ്ടും സൂക്ഷ്മപരിശോധന നടത്തി.

'Let him take rest. We will see.'

ആ മറുപടി വിശ്വത്തിനെ സമാധാനിപ്പിച്ചില്ല. ഉള്ള സമാധാനം നശിപ്പിക്കുകയാണ്, ചെയ്തു.

ഷാൻഗ്രിലക്ക് എന്തെങ്കിലും സംഭവിക്കുന്നത്, വിശ്വത്തിനെ സംബന്ധിച്ചിടത്തോളം ആത്മനാശമാണ്.

ഭാവിയെക്കുറിച്ചുള്ള അവ്യക്തമായ ഒരു ഭീതിയുടെ കരിനിഴലിലൂടെയാണ്, വിശ്വം മടങ്ങിയത്. അതോടെ അയാൾ അന്നത്തെ വിജയം മറന്നു. അന്നു നേടിയ പണത്തിന് വിലയില്ലാതായി.

കാറോടിക്കുമ്പോൾ ശ്രദ്ധ പതറാതിരിക്കാൻ വിശ്വത്തിന് ശ്രമപ്പെടേണ്ടിവന്നു. എന്നിട്ടും ഒരു സ്കൂട്ടറിൻെറ മേൽ ചെന്നിടിച്ചു ഇടിച്ചില്ല എന്ന മട്ടിൽ ബ്രെയ്ക്ക് ചവിട്ടി.

വിശ്വം കാറിലിരുന്ന് നിലച്ചു. സ്കൂട്ടറുകാരൻ എന്തൊക്കെയോ ചീത്ത പറഞ്ഞു. വിശ്വം അതൊന്നും കേട്ടില്ല. അയാൾ പരിക്ഷീണനായിരുന്നു.

പിന്നിൽനിന്ന് വാഹനങ്ങളുടെ തുടർച്ചയായ ഹോൺ കേട്ടപ്പോഴാണ്, താൻ ഒരു ട്രാഫിക്ജാം സൃഷ്ടിച്ചിരിക്കുന്നു എന്ന് വിശ്വം അറിഞ്ഞത്. അയാൾ മെല്ലെ ചാവി തിരിച്ചു. ആക്സിലേററിൽ കാലമർത്തി.

വിശ്വത്തിൻെറ ചിന്തകളിൽ അഗ്നി പടർന്നു. അയാൾ പടുത്തുയർത്തിയ ആകാശസൗധങ്ങളിലേയ്ക്ക് തീയാളിപ്പടരുമോ എന്ന് ഭയപ്പെട്ടു. സ്വന്തം ഉയർച്ചയും പതനവും കണ്ട് ഡിക്കോസ്റ്റയെപ്പോലെ ജീവിക്കേണ്ടിവരുന്നത് കടുത്ത ശിക്ഷയാണ്. ശാപമാണ്.

പ്രസിദ്ധിയുടെ തുവലുകൾ അണിഞ്ഞ കുതിര ഏതെങ്കിലും ഒരു പന്തിയിൽ എല്ലും തോലുമായി നില്ക്കുന്ന കാഴ്ച വിശ്വത്തിനെ ഞെട്ടിച്ചു. ഒരു വണ്ടികയറിയേക്കാം കഷ്ടമാകം. അതിൻെറ കാര്യം. ഷാൻഗ്രിലക്ക് താനങ്ങിനെ ഒരു ഗതി വരുത്തില്ല. നിറച്ച കൈത്തോക്ക് അതിനവേണ്ടി കരുതിവെയ്ക്കും. വേണ്ടിവന്നാൽ തനിക്കും ഉപകരിക്കും.

അടുത്ത ഞായറാഴ്ച ക്ലാസിക് ഇവൻറാണ്. തൌസണ്ട് ഗിനീസ്. ഷാൻഗ്രിലക്ക് പങ്കെടുക്കാൻ കഴിയുമോ എന്ന് സംശയമാണ്. ഒരു ക്ലാസ്സിക് ഇവൻറിൽ ജയിച്ചാലേ അവൻ ഒന്നാംക്ലാസ് കുതിരയാവൂ. ക്ലാസ്സ്‌വൺ കുതിരയുടെ ഉടമസ്ഥനായിരിക്കുന്നത് വിശ്വത്തിൻെറ അഭിമാനമാണ്. ധനമാണ്. ക്ലാസ്സിക്കിൽ പങ്കെടുത്ത് തോററാൽ അതും മോശം. പിന്നീട്ടുള്ള മത്സരങ്ങളിനെ അത് ബാധിക്കും. തൌസണ്ട് ഗിനീസ്സിൽ ഷാൻഗ്രിലയുടെ എതിരാളികൾ ഡാൻസിങ്ങ് ക്വീനും ഹൈ റെയ്ഞ്ചസ്സുമാണ്. ഏതോ മഹാരാജാവിൻെറ കുതിരകൾ. കാലിലെ വേദന മാറിയില്ലെങ്കിൽ ഷാൻ ഓടിയെത്തില്ല....

മൂടൽമഞ്ഞിൻെറ ഒരു നേർത്ത കർട്ടൻ അകലങ്ങളിൽ ചുരുളഴിഞ്ഞു വീഴുന്നത് വിശ്വം കണ്ടു. അവ്യക്തതയുടെ ഒരാവരണം. വിശ്വം കൂടുതൽ സ്വസ്ഥത കൈക്കൊള്ളാൻ ശ്രമിച്ചു.

കാർ ഗെയ്‌റ്റിലെത്തിയപ്പോൾ ഗൂർഖ ഗെയ്‌റ്റ് തുറന്നു. വിശ്വം കാർ പാർക്ക് ചെയ്ത് ധൃതിയിൽ കോണികയറി. അബുദാബിൽനിന്ന് വന്ന ഒരു സുഹൃത്ത് സമ്മാനിച്ച ബ്ലാക്ക് ആൻഡ് വൈററ് കബോർഡിലുണ്ടെന്നുള്ളത് ആശ്വാസത്തിൻെറ വെളിച്ചമായി മനസ്സിൽ വീണു. വിശ്വവും വിശ്വത്തിൻെറ പെഗ്ഗുകളും തണുത്ത രാത്രിയും ഏകാന്തതയും ബാക്കിയായി.

(തുടരും)

* പന്തയത്തിനുശേഷം കുതിരയുടെ ശരീരത്തിലെ വിയർപ്പ് പഞ്ഞികൊണ്ട് തുടച്ച പരിശോധിക്കുന്നു. കുതിരക്ക് എന്തെങ്കിലും മരുന്ന് (ഉത്തേജകങ്ങൾ) കൊടുത്തിട്ടുണ്ടോ എന്നറിയാനാണ് ഈ പരിശോധന സഹായിക്കുന്നു.

ചൈനയിലും

ചൈനയിലുള്ള സ്ത്രീകൾക്ക് ഇപ്പോൾ മേക്കപ്പ് സാധനങ്ങളോട് വലിയ പ്രതിപത്തിയാണത്രെ. ഇരുനൂറിഴുകോടി രൂപായുടെ സൗന്ദര്യവർദ്ധക സാധനങ്ങളാണ് കഴിഞ്ഞ വർഷം ചൈനയിൽ വിററഴിഞ്ഞത്.